# റോട്ടറി സ്കൂൾ ഫോർ ഹിയറിങ് ഇമ്പയേർഡ്, വടകര

നടക്കുതാഴെ (പി.ഒ), വടകര, 673104

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 - 2026



Scanned with OKEN Scanner

# ആമുഖം

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികസനമാണല്ലോ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ കുട്ടികളുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ ക്ലാസ് റൂമുകൾക്കും സ്കൂളുകൾക്കും വലിയ ഉത്തരവാദിത്വമുണ്ട്. സഹവർത്തിത പഠനത്തിലൂടെയുള്ള അക്കാദമിക മികവ്, പ്രശ്ന പരിഹരണശേഷി നേതൃഗുണങ്ങൾ, വ്യക്തിത്വ വികസനം, ജീവിതനൈപുണികൾ, ക്രിയാത്മകത, സാമൂഹിക ബന്ധങ്ങൾ, തുടങ്ങിയ മേഖലകളിൽ ഊന്നുന്നതാണ് നമ്മുടെ പാഠ്യപദ്ധതി. അംഗീകാരം എല്ലാവരും കൊതിക്കുന്നു. അംഗീകരിക്കുന്നുവെന്ന തോന്നലിൽ നിന്നാണ് ആത്മവിശ്വാസം ജനിക്കുന്നത്. വിദ്യാർത്ഥികൾക്ക് ആദ്യമുണ്ടാവേണ്ടത് ആത്മ വിശ്വാസമാണ്.

കുട്ടികളിലെ സവിശേഷ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും അവർക്ക് ആത്മവിശ്വാസമേകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും സഹായകമാവുന്ന രീതിയിൽ ആണ് റോട്ടറി സ്കൂൾ പ്രവർത്തനങ്ങൾ തയ്യാറാക്കിയത്. എല്ലാ കുട്ടികളിലും സവിശേഷമായ കഴിവുകളുണ്ട്. അവ കണ്ടെത്തി വളർത്തുന്നതിനാവശ്യമായ വിദ്യാലയ ഇടപെടലുകൾ ശാസ്ത്രീയമായി നടത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് അധ്യയന വർഷം നീണ്ടുനിൽക്കുന്ന പദ്ധതികൾക്കു രൂപം നൽകിയിട്ടുള്ളത്. അർഹരായവർക്കു മുഴുവൻ അംഗീകാരം നൽകാൻ ഈ പദ്ധതിയിലൂടെ കഴിയുന്നു.

Scanned with OKEN Scanner

# ഉദ്ദേശ്യങ്ങൾ/ലക്ഷ്യങ്ങൾ

- പാഠ്യ - പാഠ്യേതര രംഗങ്ങളിൽ വിദ്യാർത്ഥികളിലെ കഴിവ് കണ്ടെത്തി പരിശീലനം നൽകുക.
- കുട്ടികൾക്ക് ആത്മവിശ്വാസം നൽകി പഠന നിലവാരം മെച്ചപ്പെടുത്തുക.
- കുട്ടികളുടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കാനാവശ്യമായ പരിശീനങ്ങൾ നൽകുക.
- തൊഴിൽ പരിശീലനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക സംസാര പരിശീലനത്തിലൂടെ ഭാഷാ വികസനത്തിന് പ്രാധാന്യം നൽകി പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഭാഷയിൽ സ്വതസിദ്ധമായ ശേഷി രൂപീകരിക്കാനും പ്രാപ്തരാക്കുക.

Scanned with OKEN Scanner

# അക്കാദമിക നേട്ടങ്ങൾ

- 1 മുതൽ 7 വരെയുള്ള കുട്ടികൾ ഓരോ ക്ലാസിലും ഉള്ള ശേഷികൾ നേടേണ്ടതുണ്ട്.
- എല്ലാ കുട്ടികൾക്കും തുല്യത ഉറപ്പുവരുത്തുക
- മികച്ച ശാരീരിക-മാനസിക-വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- വ്യക്തിപരമായ വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക
- മൂല്യനിർണയ പ്രക്രിയകളിൽ സംസാരശേഷി ഉൾപ്പെടെ വിലയിരുത്തുക.
- ജൈവവൈവിധ്യ ഉദ്യാനം നേരിട്ടറിയാൻ അവസരം ഒരുക്കുക.
- പാരിസ്ഥിതിക-സാമൂഹിക-വിമർശനാവബോധം ഉണ്ടാക്കുക.
- മാലിന്യ നിർമ്മാർജന ബോധം ഉണ്ടാക്കുക.

Scanned with OKEN Scanner

# വടകര റോട്ടറി ബധിര വിദ്യാലയം

നമ്മുടെ സമൂഹത്തിൽ ബധിരരും മൂകരുമായി ജനിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയമായ രീതിയിൽ പഠനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ വടകര റോട്ടറിയുടെ കമ്മ്യൂണിറ്റി ട്രസ്റ്റിന്റെ കീഴിൽ ആരംഭിച്ച സ്ഥാപനമാണ് വടകര റോട്ടറി ബധിര വിദ്യാലയം.

ജന്മനാ ബാധിരരായവർ സംസാരിക്കാത്തത് സംസാരശേഷി ഇല്ലാത്തതുകൊണ്ടല്ല, മറിച്ച് മറ്റുള്ളവർ സംസാരിക്കുമ്പോഴുള്ള ശബ്ദം കേൾക്കാത്തതുകൊണ്ടാണ്. ശ്രവണസഹായി ഉപയോഗിച്ച് കുട്ടികളുടെ സംസാരശേഷി വികസിപ്പിച്ചെടുക്കുകയെന്നതാണ് ഇവിടുത്തെ പഠനരീതികളുടെ പ്രത്യേകത.

1993 ജനുവരി 28 ാം തിയ്യതി അന്നത്തെ റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ശ്രീ.ബി.ആർ.അജിത്ത് ആണ് ഈ വിദ്യാലയം ഉദ്ഘാടനം ചെയ്തത്. വടകര റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന സ്ക്രീനിംഗ് ക്യാമ്പിൽ ഇ.എൻ.ടി സർജൻ, പീഡിയാട്രീഷ്യൻ, ഓഡിയോളജിസ്റ്റ്, സ്പീച്ച്, തെറാപ്പിസ്റ്റ് എന്നിവരുൾപ്പെടുന്ന വിദഗ്ധ സംഘമാണ് ആറുവയസ്സിന് താഴെ പ്രായമുള്ള കേൾവിക്കുറവും സംസാരശേഷി കുറവുമുള്ള കുട്ടികളെ പ്രവേശനത്തിനായി തിരഞ്ഞെടുക്കുന്നത്. 20 കുട്ടികളും 2 അധ്യാപകരുമായി 1993 ജനുവരി 28 നാണ് ഇവിടെ ക്ലാസുകൾ ആരംഭിച്ചത്.

സ്പീച്ച് ട്രെയിനർ, ഹിയറിങ്ങ് എയ്ഡ് മുതലായ സാങ്കേതിക ഉപകരണങ്ങൾ കുട്ടികളുടെ പഠനത്തെ സഹായിക്കുന്നു. ഇവിടെ കുട്ടികളുടെ സംസാരശേഷി വികസിപ്പിച്ചെടുക്കാനുള്ള തീവ്രശ്രമമാണ് നടക്കുന്നത്. 1993ൽ ആരംഭിച്ച ഈ വിദ്യാലയം 2012 ൽ സർക്കാർ എയ്ഡഡ് പദവി നൽകി. ബി.എഡ്, ടി.ടി.സിക്കു പുറമെ സ്പെഷൽ എഡ്യുക്കേഷനിൽ പ്രത്യേക പരിശീലനം നൽകിയ അധ്യാപകരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള പാഠ്യപദ്ധതിയനുസരിച്ചാണ് പഠനം ക്രമീകരിച്ചിട്ടുള്ളത്. പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യമായ പ്രാധാന്യം നൽകുന്നു. സംസ്ഥാന സ്പെഷൽ സ്കൂൾ കലാമേള, ശാസ്ത്ര പ്രവൃത്തി പരിചയമേള എന്നിവയിൽ എല്ലാവർഷവും കുട്ടികളെ പങ്കെടുപ്പിക്കുകയും ഉന്നതവിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പുകൾ സാധാരണ കുട്ടികൾക്കായി നടത്തിവരുന്ന മേളകളിൽ ഞങ്ങളുടെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മികച്ച വിജയംനേടുന്നുവെന്നത് എടുത്തുപറയത്തക്ക നേട്ടങ്ങളിൽ

Scanned with OKEN Scanner

ഒന്നാണ്. 201516 വർഷത്തിൽ മേപ്പയിൽ ക്ലസ്റ്ററിൽ നടന്ന മെട്രിക്മേള റോട്ടറി സ്കൂൾ 1 ാം സ്ഥാനം നേടിയിട്ടുണ്ട്. ഈ വിദ്യാലയം ഇവിടുത്തെ പഠനവും ബധിരമൂക വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ സംബന്ധിച്ച് ഏറ്റവും മഹത്തരമാണ്. ഓരോ ദിനാചരണത്തിനും കുട്ടികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. സംസാരപരിശീലനത്തിൽ ഊന്നിയുള്ള പഠന പരിശീലനങ്ങളാണ് ഓരോ ക്ലാസിലും നൽകുന്നത്. ഇന്ന് സ്കൂളിൽ 50 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. എൽ.കെ.ജി, യു.കെ.ജി ഉൾപ്പെടുന്ന പ്രീ-പ്രൈമറി വിഭാഗം കുട്ടികൾക്ക് ചിട്ടയായ സംസാര ഭാഷാ പരിശീലനം നൽകിവരുന്നു. 1 മുതൽ 7 വരെയുള്ള ക്ലാസിലായി പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. 7 അധ്യാപകരുൾപ്പെടെ 11 സ്റ്റാഫ് ആണ് സ്കൂളിൽ നിലവിൽ ഉള്ളത്.

നിലവിൽ റോട്ടറി സ്കൂൾ ചില പ്രധാന പരിമിതികൾ നേരിടുന്നുണ്ട്. അതിലൊന്ന് കുട്ടികൾ നേരിടുന്ന ഗതാഗത പ്രശ്നമാണ്. വളരെ ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നാണ് കുട്ടികൾ സ്കൂളിലെത്തിച്ചേരുന്നത്. ഇതിനായി ഭീമമായ സംഖ്യ കണ്ടെത്താൻ സ്കൂളധികൃതരും രക്ഷിതാക്കളും പാടുപെടുന്നു.

കൂടാതെ സ്കൂളിൽ കുറെകൂടി വിപുലമായി ലാബ് സൗകര്യം, കമ്പ്യൂട്ടറുകളുടെ എണ്ണം എന്നിവ മെച്ചപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങളും കണ്ടെത്തുന്നുണ്ട്.

രക്ഷിതാക്കൾക്ക് തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്. അതിൽനിന്ന് അവർക്ക് ചെറിയ വരുമാനം കിട്ടുന്നുണ്ട്. കുട്ടികളുടെ ഹിയറിംഗ് എയിഡ്-മെയിന്റനൻസിനായി രക്ഷിതാക്കൾ വളരെ വലിയ തുകയും കണ്ടെത്തേണ്ടി വരുന്നുണ്ട്. സ്പീച്ച് തെറാപ്പിക്കായി വിദഗ്ധരായ സ്പീച്ച് തെറാപ്പിസ്റ്റിനെ നിയമിക്കാൻ സർക്കാർ മുൻകൈയ്യെടുത്താൽ സ്കൂളിന്റെ പുരോഗതി ഒന്നുകൂടി മെച്ചപ്പെടുത്താൻ സാധിക്കും.

Scanned with OKEN Scanner

# ഉള്ളടക്കം


- ആമുഖം
- ഉദ്ദേശ്യങ്ങൾ/ ലക്ഷ്യങ്ങൾ
- അക്കാദമിക നേട്ടങ്ങൾ
- സ്കൂൾ-ചരിത്രം
- പ്രത്യേക പരിഗണന അർഹിക്കുന്നവർ-വിദ്യാഭ്യാസ കാഴ്ചപ്പാട്
- എൽ.പി തല പ്രവർത്തനങ്ങൾ
- യു.പി തല പ്രവർത്തനങ്ങൾ
- ശേഷിവികസന പദ്ധതികൾ


Scanned with OKEN Scanner

# പ്രത്യേക പരിഗണന അർഹിക്കുന്നവർ

## വിദ്യാഭ്യാസ കാഴ്ചപ്പാട്

സമൂഹത്തിൽ നിന്ന് മാറിനിൽക്കാതെ എല്ലാവർക്കും തുല്യത ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവൃത്തിക്കുന്ന സംരംഭമാണ് റോട്ടറി ബധിര വിദ്യാലയം. സംസാര രംഗത്ത് മികച്ച പുരോഗതി ഉറപ്പുവരുത്തി ഭാഷാനൈപുണി സ്വായത്തമാക്കുന്നതിൽ ഒരു വിഭാഗം തലമുറയെ വാർത്തെടുക്കുന്നതിൽ വിദ്യാലയത്തിന്റെ പങ്ക് നിസീമമാണ്.

കേൾവിയുള്ള കുട്ടി മലയാള ഭാഷ സംസാരിക്കാൻ അറിഞ്ഞുകൊണ്ടാണ് ആദ്യമായി വിദ്യാലയത്തിലേക്ക് വരുന്നത്. എന്നാൽ ബധിരനായ കുട്ടി നിശബ്ദതയുടെ ലോകത്തു നിന്നും വരുന്നു. അവന് ശബ്ദവും സംസാരവും ഭാഷയും പഠിപ്പിച്ചു കൊടുക്കേണ്ടിരിക്കുന്നു.

## കേൾവി പരിമിതി

മെച്ചപ്പെട്ട ശ്രവണ സഹായിയിലൂടെ കേൾവിയുടെ തോത് ഉയർത്തി ഉചിതമായ ചുറ്റുപാടുകളുടെ സഹായത്താൽ ബധിരരായ വിദ്യാർത്ഥികൾ മറ്റു കുട്ടികൾക്കൊപ്പം തന്നെ വിവിധ മേഖലകളിൽ മാറ്റുരയ്ക്കുന്നു. ഹിയറിംഗ് എയ്ഡ് സ്പീച്ച് ട്രെയ്നർ, എന്നിവയുടെ സഹായത്താൽ സൗണ്ട് ഡിറ്റേക്ഷൻ, സൗണ്ട് ലോക്കലൈസേഷൻ, സൗണ്ട് ഡിസ്ക്രിമിനേഷൻ എന്നിവ നടത്തി കുട്ടിയുടെ കേൾവിയിലൂടെ ഭാഷ മെച്ചപ്പെടുത്തുന്നു.

## സംസാര പരിശീലനം

കേൾവി ശേഷി മെച്ചപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മികച്ച സംസാര ശേഷി ഉണ്ടാക്കുകയും. പ്രീ-പ്രൈമറി തലം മുതൽ സ്പീച്ച് തെറാപിസ്റ്റ്, ടീച്ചേഴ്സ് എന്നിവരുടെ സഹായത്താൽ സംസാര പരിശീലനം നൽകുകയും ചെയ്യുന്നു. ഉച്ചാരണം, പദശുദ്ധി, പദങ്ങളുടെ പ്രയോഗം എന്നിവ ഇതിലൂടെ ആർജിക്കുന്നു. അതിലൂടെ ഭാഷാവികസനം സ്വായത്തമാക്കുകയും ചെയ്യുന്നു.

Scanned with OKEN Scanner

# എൽ.പി തലപ്രവർത്തനങ്ങൾ

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | സ്പീച്ച് തെറാപ്പി | *രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകാൻ<br>* കുട്ടികളുടെ കേൾവിയുടെ തോത് മനസിലാക്കൽ<br>* ഹിയറിംഗ് എയിഡ് ഉപയോഗം ശബ്ദം കേൾപ്പിക്കൽ (തെറാപ്പിസ്റ്റ് സ്പീച്ച് ട്രെയിനറിന്റെ സഹായത്തോടെ ചെയ്യുന്നു.<br>* വ്യത്യസ്ത ശബ്ദം ഉച്ചരിപ്പിക്കൽ<br>* ഓരോ അക്ഷരം ഉച്ചാരണ ശുദ്ധിയോടെ പറയിപ്പിക്കൽ<br>* തുടർന്ന് ലഘുവാക്യങ്ങൾ പറയൽ | 1 മാസം<br>2 മാസം<br>1 വർഷം<br>2 കൊല്ലം | പി.ടി.എ<br>മാനേജ്മെന്റ് | തെറാപ്പിസ്റ്റ്<br>ടീച്ചേഴ്സ് |
| 2. | ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം തിരിച്ചറിയൽ<br>* ചിഹ്നങ്ങൾ ഉറപ്പിക്കൽ, ലഘുവായന<br>* കൊച്ചു കവിതകൾ ചൊല്ലൽ | 2 വർഷം | മാനേജ്മെന്റ് | ടീച്ചേഴ്സ് |
| 3. | ലഘുവായന പരിപോഷിപ്പിക്കൽ | * വായന സാമഗ്രികൾ ഉപയോഗിച്ച് പരിശീലനം നടത്തുന്നു, Word Card, Sentence Card ചിത്രകഥാ വ്യാഖ്യാനം, അമ്മവായന, പത്രവായന, അസംബ്ലിയിലെ വായന എന്നിവയിലൂടെ വായന മെച്ചപ്പെടുത്തുന്നു. | | | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

ഭാഷ ആശയ വിനിമയത്തിനുള്ളതാണ്. ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാകണം. എല്ലാ കുട്ടികളുടെ പഠനപുരോഗതി ലക്ഷ്യം വെക്കണം.

## ലക്ഷ്യം:

- ഇംഗ്ലീഷ് ഭാഷാപഠനം എളുപ്പവും അനായാസമാക്കാനുമുള്ള പഠനാന്തരീക്ഷം ഒരുക്കൽ
- വ്യത്യസ്തമായ ശാരീരികവും മാനസികവുമായ കഴിവുള്ള എല്ലാ കുട്ടികൾക്കും പഠിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തുന്നു.

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | Speaking And<br>*Reading in English Alphabate | ഓരോ അക്ഷരങ്ങളും ഉച്ചരിപ്പിക്കുന്നു. വായിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു. | 6 മാസം | പി.ടി.എ | ടീച്ചേഴ്സ്<br>എസ്.ആർ.ജി |
| 2. | Reading and Writing in Simple Words | *സിമ്പിൾ വേർഡ്സ് ഓരോ അക്ഷരത്തിനും ഊന്നൽ നൽകി വായിപ്പിക്കുന്നു. പദകാർഡ് ഉപയോഗിക്കുന്നു. | 1 വർഷം | പി.ടി.എ | ടീച്ചേഴ്സ് |
| 3. | ടി.എൽ.എം നിർമ്മാണം | *രക്ഷിതാക്കളുടെ സഹായത്തോടെ ആവശ്യമുള്ള ചിത്രങ്ങൾ ശേഖരിച്ച് വേർഡ് കാർഡ് പിക്ച്ചർ കാർഡ് ഉണ്ടാക്കുന്നു. | 3 മാസം | പി.ടി.എ | മാനേജ്മെന്റ്<br>ടീച്ചേഴ്സ് |
| 4. | Games | ബാലമാസികകളിലെ ലഘുകളികൾ പ്രയോജനപ്പെടുത്തി കൊണ്ട് ഇംഗ്ലീഷ് പദസമ്പത്ത് ഉണ്ടാക്കൽ | ഒരു<br>മാസം | പി.ടി.എ | ടീച്ചേഴ്സ് |

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ്ഡേ | *കളിയിലൂടെ ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തിക്കുന്നു. കമ്പ്യൂട്ടറിലെ കളികൾ ചെയ്യിക്കുന്നു | ഒരു മാസത്തിൽ ഒരു ദിവസം | | ടീച്ചർ |

Scanned with OKEN Scanner

# യു.പി തലപ്രവർത്തനങ്ങൾ

## മലയാളം

### ആമുഖം

മാതൃഭാഷ എന്ന നിലയിലും, ആശയ വിനിമയോപാധി എന്ന നിലയിലും വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് മലയാളം. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. മനുഷ്യ വംശത്തിനു മാത്രമുള്ള അമൂല്യ സ്വത്തായ ഭാഷയുടെ സ്വാംശീകരണം ഓരോ വ്യക്തിയും ജനനം മുതൽ ആരംഭിക്കുന്നു. ഭാഷാവികസനം ചിന്താശേഷിയുടെ വളർച്ചയുമായി ബന്ധപ്പെട്ടതാണ്.

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക
- എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുക

### മികവുകൾ

ഉച്ചാരണവ്യക്തതയോടെ വായിക്കാനുള്ള ശേഷി ഉണ്ടാക്കുന്നു. പദാവലി വികസിപ്പിക്കൽ; അക്ഷരബോധം ഉണ്ടാക്കൽ, സാഹിത്യരൂപങ്ങളെയും കലാരൂപങ്ങളെയും തിരിച്ചറിയൽ എന്നിവ ഭാഷാ പഠനത്തിന്റെ മികവാർന്ന പ്രതികരണമാണ്.

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയുക | * അക്ഷരം ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.<br>* അക്ഷര കാർഡ് നൽകൽ | ജൂൺ-സപ്തംബർ | പി.ടി.എ മാനേജ്മെന്റ് | ടീച്ചേഴ്സ് |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *ചിത്രങ്ങൾ നോക്കി കഥപറയൽ<br>*ചിഹ്നങ്ങൾ ചേർത്ത് വായിപ്പിക്കൽ<br>*പദസൂര്യൻ തയ്യാറാക്കൽ<br>*കഥാപുസ്തകങ്ങൾ സംഘടിപ്പിക്കൽ<br>*വായിപ്പിക്കൽ<br>*സി.ഡി.പ്രദർശനം<br>*ദിനാചരണങ്ങൾ നടത്തുന്നു<br>*അംസംബ്ലിയിൽ വായന<br>*ചിത്രങ്ങൾ അടങ്ങിയ ആൽബം തയ്യാറാക്കൽ<br>*വാക്കുകൾ എഴുതിയ കാർഡ് തയ്യാറാക്കൽ | 1 വർഷം | | |

Scanned with OKEN Scanner

# സോഷ്യൽ സയൻസ്

## കാഴ്ച്ചപ്പാട്

മനുഷ്യവർഗ്ഗം ജീവിതത്തിലും ചുറ്റുപാടിലും നടത്തുന്ന ഇടപെടലുകളുടെയും വരുത്തുന്ന മാറ്റങ്ങളുടെയും ആകെ തുകയാവുന്നു ചരിത്രം. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുമുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്ര പഠനം.ശരിയായ സാമൂഹിക കാഴ്ച്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ എന്നിവ വളർത്താനുതകുന്നതാണ് സാമൂഹ്യ ശാസ്ത്രപഠനം.

## സാമൂഹ്യശാസ്ത്ര പഠന ലക്ഷ്യങ്ങൾ

- ജനാധിപത്യ ബോധം, മതനിരപേക്ഷചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
- സാമൂഹിക മാറ്റങ്ങളിൽ പങ്കാളികളാവുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ട് നയിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.
- സാമൂഹിക അവബോധം സൃഷ്ടിക്കുക.

## മികവുകൾ

കുട്ടികളുടെ ചരിത്രാഭിമുഖ്യം വളർത്തുന്നു. കുട്ടികൾ തയ്യാറാക്കുന്ന പ്രൊജക്ട് റിപ്പോർട്ട്, ആൽബങ്ങൾ, നിരീക്ഷണ കുറിപ്പുകൾ എന്നിവ സാമൂഹ്യ ശാസ്ത്രപഠനത്തിന്റെ മികവാർന്ന തെളിവുകളാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ കഴിയുന്നു എന്നത് ഇതിന്റെ മികവാർന്ന പ്രതികരണമാണ്.

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| | സാമൂഹ്യ ശാസ്ത്ര പഠനം ലളിതവും രസകരവും, ആകർഷകവും ആക്കുക | *സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം<br>* ഫീൽഡ് ട്രിപ്പ് നടത്തുന്നു<br>*ചിത്രങ്ങൾ അടങ്ങിയ വാർത്താആൽബം തയ്യാറാക്കുന്നു<br>*ദിനാചരണങ്ങൾ നടത്തുന്നു<br>*ക്വിസ് മത്സരം നടത്തുന്നു<br>*ചരിത്ര സിനിമപ്രദർശനം നടത്തുന്നു<br>*ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട<br>*നാടകം സംഘടിപ്പിക്കൽ<br>*ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ<br>*ചുമർപത്രിക, കൊളാഷ് തയ്യാറാക്കൽ | 1 വർഷം | പി.ടി.എ<br>മാനേജ്മെന്റ് | അധ്യാപകർ<br>എസ്.ആർ.ജി,<br>എസ്.എസ്.ജി |

Scanned with OKEN Scanner

# വിഷയമേഖലകൾ / ശാസ്ത്രം

## കാഴ്ചപ്പാട്

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നമ്മെ നയിക്കും. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങൾ ഉണ്ട്.

## ശാസ്ത്ര പഠനം ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക
- ശാസ്ത്രരീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
- ശാസ്ത്രനേട്ടങ്ങളിൽ അഭിമാനിക്കുക
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക
- മാനസിക-സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക

## മികവുകൾ

കുട്ടികളുടെ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനുള്ള ശക്തമായ ഒരു ഉപാധിയായി ശാസ്ത്ര പഠനത്തെ കാണാം. ഇതിനായി കുട്ടികൾ പ്രോജക്ട് റിപ്പോർട്ട്, പരീക്ഷണ കുറിപ്പുകൾ, കുട്ടികൾ പഠനാവശ്യത്തിനായി ഉണ്ടാക്കുന്ന ഉപകരണങ്ങൾ എന്നിവ ശാസ്ത്രപഠനത്തിന്റെ മികവാർന്ന പ്രതികരണങ്ങളാണ്. വർഷാവസാനം കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാൻ ശാസ്ത്രപ്രദർശനം നടത്തുന്നു. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് ശാസ്ത്രദിനാചരണങ്ങൾ, ശാസ്ത്രക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്രആഭിമുഖ്യം ഉണ്ടാക്കൽ | *ചിത്രങ്ങൾ ശേഖരിക്കൽ<br>* ശാസ്ത്ര പുസ്തകങ്ങൾ വായിപ്പിക്കൽ<br>* സയൻസ് ഡേ സംഘടിപ്പിക്കൽ<br>* ശാസ്ത്ര ആൽബം തയ്യാറാക്കൽ<br>* ശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് നടത്തൽ<br>* ഐ.സി.ടി സാധ്യതകൾ<br>* പ്രയോജനപ്പെടുത്തൽ<br>* ശാസ്ത്രകുറിപ്പുകൾ കണ്ടെത്തൽ | 1 വർഷം | പി.ടി.എ<br>മാനേജ്മെന്റ് | സയൻസ് ടീച്ചേഴ്സ്<br>SRG<br>SSG<br>PTA |

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ശാസ്ത്രലാബ് നവീകരണം | *ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ<br>*കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ലഘുപരീക്ഷണത്തിനാവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കൽ<br>*ശാസ്ത്രജ്ഞരുടെയും മികച്ച കണ്ടുപിടുത്തങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ലാബ് അലങ്കരിക്കൽ | 1 വർഷം | പി.ടി.എ<br>മാനേജ്മെന്റ്<br>എസ്.എസ്.എ<br>ഫണ്ട് | അധ്യാപകർ,<br>പി.ടി.എ<br>എസ്.ആർ.ജി,<br>എസ്.എസ്.ജി |

Scanned with OKEN Scanner

# ഗണിതം

## കാഴ്ച്ചപ്പാട്

ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസിലാക്കാനും ഇട പഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരിക പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്.

വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന്
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഉപയുക്തമാകണം.
- മറ്റുവിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടാൻ സഹായകരമാകണം.

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ഗണിത കിറ്റ് | *ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ് (മഞ്ചാടി, കമ്പ്, സ്ട്രോ, വിവിധരൂപങ്ങൾ, കളിപ്പാട്ടങ്ങൾ, കളിനോട്ടുകൾ, സംഖ്യാകാർഡുകൾ, ഗണിതകളികൾക്കുള്ള സാമഗ്രികൾ എന്നിവ) ക്ലാസ് കയറ്റത്തിനനുസരിച്ച് ആവശ്യമാറ്റങ്ങൾ ഉണ്ടാക്കും. | 5 വർഷം | എസ്.എസ്.എ | എസ്.ആർ.ജി, എസ്.എസ്.ജി അധ്യാപകർ |
| 2. | ഗണിത ലാബ് നവീകരണം | *ക്ലാസ്തലപ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടുന്ന ഉത്പന്നങ്ങൾ. ജ്യാമിതീയ പഠനം എളുപ്പമാക്കുന്നതിനുള്ള വിവിധ മാതൃകകൾ. ചതുരച്ചിത്രങ്ങൾ, സംഖ്യാബന്ധങ്ങൾ, സംഖ്യാപ്രത്യേകതകൾ എന്നിവ പ്രദർശിപ്പിക്കൽ. | 2 വർഷം | സ്കൂൾ മാനേജ്മെന്റ് | പി.ടി.എ |
| 3. | സംഖ്യാബോധം സംഖ്യാവ്യാഖ്യാനം അവയുടെ ക്രിയകൾ | * 1 മുതൽ 9 വരെ സംഖ്യകൾ തിരിച്ചറിയൽ, ക്രമീകരിക്കൽ വലിയ സംഖ്യ, ചെറിയസംഖ്യ ആരോഹണം/അവരോഹമക്രമം | 1 വർഷം | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * സ്ഥാനവില സ്ഫുടതയോടെ സംഖ്യാവായന പറയിപ്പിക്കൽ<br>* ഗണിതകിറ്റിലെ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് സങ്കലന വ്യവകലന ക്രിയകൾ ചെയ്യിക്കൽ. സംഖ്യകളെ കൂട്ടങ്ങളാക്കൽ.<br>* ഗുണന വസ്തുതകൾ ഉറപ്പിക്കൽ<br>* ഗുണന വസ്തുതയിൽ നിന്നു ഹരണ ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം | 1 വർഷം മുതൽ 5 വർഷം വരെ | പി.ടി.എ മാനേജ്മെന്റ് | ടീച്ചേഴ്സ് |
| | | | | | |

Scanned with OKEN Scanner


# ശേഷീവികസന പദ്ധതികൾ

## ആമുഖം

ഭിന്നശേഷി വിദ്യാർത്ഥികൾക്കും ഒരേ രീതിയിൽ ഉള്ള പഠനതന്ത്രങ്ങളല്ല, മറിച്ച് അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറാനുള്ള പഠനബോധന തന്ത്രങ്ങളും പഠനോപകരണങ്ങളുമാണ് ആവശ്യം. അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഓരോ അധ്യാപകരുടെയും കടമ. ഇതിനായി ബോധന രീതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ് എന്ന തിരിച്ചറിവാണ് കുട്ടികൾക്കായി മികച്ച രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ അധ്യാപകരെ പ്രേരിപ്പിച്ചത്.

## ലക്ഷ്യങ്ങൾ

- ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന പരിമിതികളെ മറികടന്ന് അവരുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.
- സവിശേഷ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുക
- അവസരവും പങ്കാളിത്തവും ഉറപ്പാക്കുക
- വിവിധ ഏജൻസികളിൽ നിന്നും സഹായങ്ങൾ ഉറപ്പാക്കുക
- കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സാധിക്കുക.



Scanned with OKEN Scanner

| പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| തൊഴിൽ പരിശീലനം | *തൊഴിൽ നൈപുണി നേടുന്നതിനാവശ്യമായ ക്ലാസുകൾ രക്ഷിതാക്കൾക്കായി സംഘടിപ്പിക്കൽ<br>*വിദഗ്ധരായ ആളുകളെ എത്തിച്ച് ചെറിയ<br>*തൊഴിലുകൾ പരിശീലിപ്പിക്കൽ<br>*ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കൈത്തൊഴിലുകൾ പരിശീലിപ്പിക്കൽ (ചോക്ക്, മെഴുകുതിരി, ചവിട്ടി), ഐ.സി.ടി സാധ്യതകൾ പ്രയോ | 5 വർഷം | മാനേജ്മെന്റ്<br>പി.ടി.എ | SSG<br>SRG |

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | കലാകായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ | *കലാ-കായിക അധ്യാപകരുടെ ക്ലാസ് നൽകൽ<br><br>*കവിതാലാപനത്തിന് പരിശീലനം നൽകി<br>*മേളകളിൽ പങ്കെടുപ്പിക്കൽ<br>*നൃത്ത പരിശീലനം നൽകി മേളകളിൽ പങ്കെടുപ്പിക്കൽ<br>*ചിത്രരചനക്കാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>*സ്കൂളിൽ സ്റ്റേജ് തയ്യാറാക്കൽ<br>*സ്പോർട്സ് ഉപകരണങ്ങൾ തയ്യാറാക്കൽ<br>*സ്പോർട്സ് ദിനത്തിൽ എല്ലാവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ കായിക ഇനങ്ങൾ ഉൾപ്പെടുത്തൽ | 2 വർഷം | എസ്.എസ്.എ പി.ടി.എ ആന്റ് മാനേജ്മെന്റ് | കലാകായിക അധ്യാപകർ |

Scanned with OKEN Scanner

| നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | പ്രവൃത്തി പരിചയ പരിശീലനം | *പ്രവൃത്തി പരിചയ പരിശീലനത്തിൽ ചാർജുള്ള അധ്യാപിക ആഴ്ചയിൽ ഒരു ദിവസത്തെ ക്ലാസ് നൽകുന്നു.<br>*തുടർന്ന് ഓരോ അധ്യാപികയും അതത് ക്ലാസിൽ പരിശീലനം നൽകുന്നു.<br>* പ്രവൃത്തി പരിചയ വസ്തുക്കൾ ഉണ്ടാക്കാനാവശ്യമായ വസ്തുക്കൾ ശേഖരിക്കലും കണ്ടെത്തലും<br>*രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ<br>കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ | 5 വർഷം | പി.ടി.എ ആന്റ് മാനേജ്മെന്റ് | പ്രവൃത്തി പരിചയ പരിശീലനം നേടിയ അധ്യാപിക ടീച്ചേഴ്സ്<br>എസ്.ആർ.ജി<br>എസ്.എസ്.ജി |

Scanned with OKEN Scanner